# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1739          12.06.2019 -ലെ മറുപടിയ്ക്ക്

**കേരള സർവ്വകലാശാലയിലെ വിദൂരവിദ്യാഭ്യാസം**

ചോദ്യം

ശ്രീ. ആർ. രാമചന്ദ്രൻ

ഉത്തരം

**ഡോ.കെ.ടി.ജലീൽ**
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി )

| | | | |
|---|---|---|---|
| (എ) | കേരള സർവ്വകലാശാലയുടെ വിദൂര വിദ്യാഭ്യാസ പഠനകേന്ദ്രത്തിൽ വിവിധ കോഴ്സുകൾക്ക് ചേരുന്ന വിദ്യാർത്ഥികൾക്ക് സിലബസിന് അനുസരിച്ചുള്ള നോട്ടുകളും മറ്റ് നിർദ്ദേശങ്ങളും ലഭിക്കുന്നതിന് കാലതാമസമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ ; | (എ) | 2017-18 ൽ നിലവിൽ വന്ന പുതിയ സിലബസ് പ്രകാരം നോട്ടുകൾ തയ്യാറാക്കേണ്ടി വന്നതിനാൽ നേരിയ കാലതാമസം ഉണ്ടായതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. സ്റ്റഡി മെറ്റീരിയലുകളുടെ അച്ചടിക്ക് പൂർണ്ണമായും സർവകലാശാല പ്രസ്സിനെയാണ് ആശ്രയിക്കുന്നത്. ആയതിനാൽ ചില അവസരങ്ങളിൽ പ്രസ്സിൽ മറ്റു അധിക ജോലികൾ വരുന്നത് ഇതിന് കാരണമാകുന്നുണ്ട്. അത്തരം സന്ദർഭങ്ങളിൽ ഓവർ ടൈം ജോലി ചെയ്തു അച്ചടി പൂർത്തീകരിക്കാനും , സ്റ്റഡി മെറ്റീരിയൽസിന്റെ സോഫ്റ്റ് കോപ്പി കുട്ടികൾക്ക് ലഭ്യമാക്കി അധ്യയനത്തെ ബാധിക്കാതിരിക്കാനും ശ്രദ്ധിക്കാറുണ്ട്. കൂടാതെ കോൺടാക്റ്റ് ക്ലാസുകൾ മുടക്കം കൂടാതെ കാര്യക്ഷമമായി നടത്തി വരികയുമാണ്. |
| (ബി) | പരീക്ഷ നടത്തുന്നതിന് കേവലം ദിവസങ്ങൾക്ക് മുമ്പ്മാത്രം ഇത്തരത്തിൽ നോട്ടുകൾ ലഭിക്കുന്നതുമൂലം വിദ്യാർത്ഥികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടൊഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ബി) | അതാത് അധ്യയന വർഷങ്ങളിൽ പഠന സാമഗ്രികളുടെ വിതരണം പൂർണ്ണമായെന്നു ഉറപ്പ് വരുത്തി ഒരുമാസത്തെ ഇടവേള എങ്കിലും നൽകിയേ പരീക്ഷകൾ നടത്താറുള്ളു. ഭാവിയിൽ ഇത്തരം കാലതാമസം കൊണ്ടുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കുവാനുള്ള നടപടികൾ കൈക്കൊണ്ടു വരികയാണ്. |

സെക്ഷൻ ഓഫീസർ